"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കാസറഗോഡ് വികസന പാക്കേജ് - 2017-18 - എടത്തലവളപ്പ് - ചെന്നടുക്കം - മാങ്ങോട് റോഡിന്റെ കി.മീ. 0/000 മുതൽ 3/300 വരെയും 5/500 മുതൽ 6/500 വരെയും നവീകരണം - പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.132/2026/P&EA തിരുവനന്തപുരം, 13-03-2026

---

പരാമർശം:- 1. സ.ഉ(കൈ)നം.10/2018/Plg തീയതി 31.03.2018.

2. കാസറഗോഡ് ജില്ലാ കളക്ടറുടെ 19.07.2025 & 24.09.2025 തീയതികളിലെ ഡിസികെഎസ്ജിഡി/6250/2022-പിഎംടി/കെഡിപി നമ്പർ കത്ത്.

## ഉത്തരവ്

2017-18 സാമ്പത്തികവർഷം കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പരാമർശം(1) പ്രകാരം എടത്തലവളപ്പ് - ചെന്നടുക്കം - മാങ്ങോട് റോഡിന്റെ കി.മി. 0/000 മുതൽ 3/300 വരെയും 5/500 മുതൽ 6/500 വരെയും നവീകരണം എന്ന പദ്ധതിക്ക് 600 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു.

2. പ്രസ്തുത പദ്ധതിയിൽ ചില പ്രവർത്തികൾ കൂട്ടിചേർത്തതിനാലും ജിഎസ് ടി വർദ്ധിച്ചതിനാലും എസ്റ്റിമേറ്റിൽ വ്യത്യാസം വന്നുവെന്നും അതിനാൽ പുതിയ എസ്റ്റിമേറ്റ് തുകയായ 5,95,61,981.52/-രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് കാസറഗോഡ് ജില്ലാ കളക്ടർ പരാമർശം **2** പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കാസർഗോഡ് വികസന പാക്കേജ് 2017-19- എടത്തലവളപ്പ് -ചെന്നടുക്കം- മാങ്കോട് റോഡ് നവീകരണം-കി.മി. 0/000 മുതൽ 3/300 വരെയും 5/500 മുതൽ 6/500 വരെയും എന്ന പ്രവർത്തിയുടെ കരാർ ഉടമ്പടി പ്രകാരമുള്ള നിരക്കായ ₹ 5,47,78,845/- (6% ജിഎസ്ടി വർദ്ധന ഒഴികെയുള്ള തുക) എന്ന തുകയ്ക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.പ്രവൃത്തി 22.05.2022 തീയതിയിൽ പൂർത്തിയായതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ 18.07.2022 തീയതിയിൽ ആണ് ജിഎസ്ടി 12% ൽ നിന്നും 18% ലേക്ക് മാറിയത്. ആയതുകൊണ്ട് ₹29,42,939/- (6%) അനുവദനീയമല്ല .

2.ഡിപ്പാർട്മെന്റൽ മെറ്റീരിയൽസ് കൃത്യമായി അക്കൗണ്ട് ചെയ്തുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്

3.പുതുക്കിയ പ്രൊപ്പോസൽ കൊണ്ട് കരാറുകാരന് അർഹതയില്ലാത്ത ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4.നിർബന്ധമായും ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ യഥാസമയം സമർപ്പിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5.പുതുക്കിയ പ്രൊപ്പോസൽ മറ്റു പ്രവർത്തികളുമായി ഇരട്ടിക്കൽ വരുന്നില്ലെന്ന് ടിഎസ് അതോറിറ്റി ഉറപ്പുവരുത്തേണ്ടതാണ് .

6. ഈ പ്രവർത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന്റെ പ്രൊവിഷൻസ്, അളവുകൾ, നിരക്കുകൾ എന്നിവ ടിഎസ് അതോറിറ്റി പരിശോധിച്ച് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസറഗോഡ്
ചീഫ്, അഗ്രി ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, കാസറഗോഡ് പാക്കേജ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസറഗോഡ്
പൊതുമരാമത്ത് വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ&പിആർഡി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Alen Alphonse**
**Date: 13-03-2026 14:05:04**
സെക്ഷൻ ഓഫീസർ